പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ.പി.പി. ഉമ്മർകോയ):

(എ. ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. അവ താഴെ പറയുന്നവയാണ്. 1. ടൂറിസ്റ്റുകൾക്കു താമസസൗകര്യം ക്ഷേണ സൗകര്യം മുതലായവ ആധുനിക രീതിയിൽ ടൂറിസ്റ്റ് ഡിപ്പാർട്ടുമെൻറുവക ഹോട്ടലുകളിലും ടൂറിസ്റ്റു ബംഗ്ലാവുകളിലും ഏർപ്പാട് ചെയ്യുക. (2) പുതിയ ടൂറിസ്റ്റു ബാഗ്ലാവുകൾ റെസ്റ്റു ഹൗസുകൾ മുതലായവ നിർമ്മിക്കുക (3) ടൂറിസ്റ്റുകൾക്ക് ഉല്ലാസ യാത്രക്ക് ബോട്ടുകൾ ഏർപ്പാട് ചെയ്യുക (4) ടൂറിസ്റ്റുകളുടെ സൗകര്യത്തെ പരിഗണിച്ച് ടൂറിസ്റ്റു കോച്ചുകൾ ഏർപ്പെടുത്തുക. (5) കേരളത്തിൻറെ ടൂറിസ്റ്റുപ്രാധാന്യത്തേയും പ്രത്യേകതകളേയും പറ്റി ഇൻഡ്യക്കകത്തും വിദേശങ്ങളിലും പ്രചരണം നടത്തുക, (6) ട്രാവൽ ഏജൻസികളുടെ പ്രവർത്തനത്തിൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക. (7) അന്യദേശങ്ങളിലെ ട്രാവൽ ഏജൻസികളെ ക്ഷണിച്ചുവരുത്തി കേരളത്തിൻറെ ടൂറിസ്റ്റുപ്രാധാന്യത്തെ നേരിൽ കാണിച്ചുകൊടുക്കുക ഇവയാണ്.

ശ്രീ. കെ. എം. ജോർജ്: അടുത്ത കാലത്ത് അമേരിക്കയിലെ ഏതാനും ടൂറിസ്റ്റു ഏജൻസികൾ കേരളം സന്ദർശിച്ച അവസരത്തിൽ ഇവിടെ ടൂറിസ്റ്റുകൾക്ക് അനുകൂല പരിതസ്ഥിതി സൃഷ്ടിച്ചിട്ടില്ലാത്തതുകൊണ്ടുള്ള പ്രയാസത്തെപ്പറ്റി ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള അവരുടെ ഒരു പ്രസ്താവന പത്രങ്ങളിൽ വരുകയുണ്ടായി. ആ റിപ്പോർട്ട് ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അതിൻറെ അടിസ്ഥാനത്തിൽ വേണ്ടത് ചെയ്യാൻ ദയവുണ്ടാകുമോ?

ശ്രീ. പി. പി. ഉമ്മർകോയ: പ്രത്യേകമായി ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവിടെ വരുന്ന ടൂറിസ്റ്റുകൾക്ക് കഴിയുന്നത്ര സൗകര്യം ചെയ്തുകൊടുക്കുക എന്നുള്ളതാണ് ഗവണ്മെൻറിൻറെ നയം.

പാലം, റോഡു മുതലായവയുടെ പണികൾ

* 366. (26) ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1960–61-ലെ ബഡ്ജറ്റിൽപെടുത്തിയിരുന്നതും ഇതുവരെ പ്രവൃത്തി തുടങ്ങാത്തതുമായ എത്ര പാലം റോഡുപണികൾ കോഴിക്കോട്ടുജില്ലയിൽ ഉണ്ട്.

(ബി) കൊയിലാണ്ടി സബ്ഡിവിഷനിൽപ്പെട്ട പേരാമ്പ്ര ചെമ്പ്ര റോഡിലെ, ചെമ്പ്ര പാലത്തിൻറെ പ്രവൃത്തി ഇന്ന് ഏതു സ്ഥിതിയിലാണ് ഉള്ളത് ;

(സി) മലയോരപ്രദേശങ്ങളിലെ കാർഷിക ഉൽപ്പന്നങ്ങൾ അടുത്ത പേരാമ്പ്ര മാർക്കറ്റിൽ എത്തിക്കുവാൻ ഏറ്റവും ഉപയോഗപ്രദമായ ഈ പാലം പ്രവൃത്തി ഉടനെ നടത്തുവാൻ വേണ്ടുന്ന നിർദ്ദേശം നൽകുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ പി. പി. ഉമ്മർകോയ) :

(എ) മുന്നു പാലങ്ങളുടേയും പതിമൂന്നു റോഡുകളുടേയും പണികൾ,

(ബി) ധനദൗർലഭ്യം കാരണം ഈ പാലത്തിൻറെ പ്രവൃത്തി മാറ്റിവച്ചിരിക്കുകയാണ്.

(സി) 'ബി'യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. നാരായണൻനമ്പ്യാർ : പേരാമ്പ്ര ചെമ്പ്രറോഡ് 1960-61-ൽ പി. ഡബ്ലിയു. ഡി. ഏറ്റം ചെയ്തതാണ്. അതിനുശേഷം ഇതുവരെയായി ആ റോഡിൽ യാതൊരു മെയിൻറനൻസു വക്കും നടത്തിയിട്ടില്ല. അതുകൊണ്ട് ഇനിയെങ്കിലും ഒട്ടും വൈകാതെ ആ റോഡിന്റെ മെയിൻറനൻസു വക്കു് പഞ്ചായത്തിനെക്കൊണ്ടോ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിനെക്കൊണ്ടോ നടത്തിപ്പിക്കാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ ;

ശ്രീ. പി. പി. ഉമ്മർകോയ : പഞ്ചായത്തു റോഡാണെങ്കിൽ സാധാരണ ഗതിയിൽ മെയിൻറനൻസു ചെയ്യേണ്ടതു് പഞ്ചായത്താണ്. പി. ഡബ്ലിയു. ഡി. വക റോഡാണെങ്കിൽ ഡിപ്പാർട്ടുമെൻറു് ധനസ്ഥിതിയനുസരിച്ചു് മെയിൻറനൻസു് നടത്തുന്നതാണ്.

ശ്രീ. എം. നാരായണക്കുറുപ്പു് : രണ്ടു ദിവസങ്ങൾക്കു് മുൻപു് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു മറുപടിയിൽ കോഴിക്കോടു് ജില്ലയിൽ ഏഴു പാലങ്ങളുടെ പണി പൂർത്തിയാകാതെ കിടപ്പുണ്ടെന്നു പറഞ്ഞു. ഈ ഏഴു പാലങ്ങളുടേയും പണി പൂർത്തിയാകാത്തതിനു കാരണം അപ്രോച്ചുറോഡുകളുടെ പണി തുടങ്ങാത്തതാണെന്നു പറയുകയുണ്ടായി. ഉദാഹരണമായി ഇടക്കര മുതലായ പാലങ്ങളുടെ കാര്യത്തിൽ അപ്രോച്ചുറോഡു് നിർമ്മിക്കാത്തതുകൊണ്ടാണു് ഇതു തുറന്നുകൊടുക്കാൻ കാലതാമസമുണ്ടാകുന്നതു് എന്നുള്ളതു പരിഗണിച്ചു ഈ അപ്രോച്ചു റോഡിന്റെ പണികളും തുടങ്ങുന്നതിനു വേണ്ട നിർദ്ദേശം കൊടുക്കുമോ ;

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെയുള്ള പല കേസുകളിലും ഭൂമി കിട്ടുന്നതിനുള്ള താമസം കൊണ്ടാണു് അപ്രോച്ചുറോഡു് പണിയുണ്ടതിനു് കാലതാമസമുണ്ടാകുന്നതു്. കഴിയുന്നത്ര വേഗത്തിൽ അത്തരം പ്രവൃത്തികളും തീർത്തുകൊണ്ടുപോകുന്നതിനു് ഗവണ്മെൻറു വേണ്ട നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഭൂമി കിട്ടുന്നതിനു പ്രയാസമൊന്നുമില്ല. സ്ഥലം ഉണ്ടുതാനും. ടെണ്ടർവിളിച്ചു വർക്കുകളും കൊടുക്കാൻ കാലതാമസം വരുന്നതാണു് ഇതിനു പ്രധാന കാരണം എന്നുള്ളതിനെ പരിഗണിച്ചു അതൊന്നു പരിശോധിച്ചു ഈ മഴക്കു മുൻപുതന്നെ അപ്രോച്ചുറോഡുകളും നിർമ്മിക്കുന്നതിനു വേണ്ട നടപടികളും സ്വീകരിക്കുമോ ;

ശ്രീ. പി. പി. ഉമ്മർകോയ : പ്രത്യേകമായി ചോദിച്ചാൽ അതേപ്പറ്റി അന്വേഷിക്കാം.

ഗവണ്മെൻറുവക കരിങ്കൽ ക്വാറികൾ

* 367. [27] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറുവക എത്ര കരിങ്കൽ ക്വാറികൾ സ്റ്റോറിലുണ്ടു് ;

(ബി) കണ്ണയന്നൂർ താലൂക്കിൽപ്പെട്ട വെണ്ണലക്വാറി കണ്ണയന്നൂർ താലൂക്കു് കരിങ്കൽ തൊഴിലാളിയൂണിയനു് കല്ലു പൊട്ടിച്ചെടുക്കുവാൻ അനുവദിച്ചുകൊടുത്തതു് എന്നു മുതൽക്കാണു് ;

(സി) ഈ അനുവാദം ഏതു വ്യവസ്ഥയിലാണു നൽകിയതു് ;

(ഡി) പൊട്ടിച്ചെടുക്കുന്ന കല്ലു് യഥാസമയം തിട്ടപ്പെടുത്താൻ ഏതെങ്കിലും ഏർപ്പാടുണ്ടോ ; ആരെയാണു് ഇതിനു ചുമതലപ്പെടുത്തിയിട്ടുള്ളതു് ;

(ഈ) പണി ആരംഭിച്ചതു മുതൽ എത്ര യൂണിറ്റു കല്ലു പൊട്ടിച്ചെടുത്തുവെന്നും അതിന്റെ വിഹിതമായി എത്രതുക ഗവണ്മെൻറിലേക്കു ലഭിച്ചുവെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly